**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **05-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ലെ ബജറ്റിൽ പ്രഖ്യാപിച്ച ഗ്രാമീണ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്ന പദ്ധതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) | **പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.**<br><br>**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | തിരൂർ നിയോജക മണ്ഡലത്തിലെ തിരൂർ സ്റ്റേഡിയം ഉൾപ്പെടെ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെയും കളിസ്ഥലങ്ങളുടെയും നവീകരണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | **തിരൂർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിക്കായി എസ്.പി.വി ആയിരുന്ന കിറ്റ്കോ ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായിട്ടില്ല. കിഫ്ബി അനുശാസിക്കുന്ന രീതിയിലുള്ള ഡി.പി.ആർ സ്റ്റേഡിയത്തിന്റെ നിലവിലെ സാഹചര്യം കൂടി കണക്കിലെടുത്ത് പുതുക്കേണ്ടതായുണ്ട്. കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കായിക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (സി) | പ്രസ്തുത പ്രവൃത്തികൾ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | **തിരൂർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിക്കായി എസ്.പി.വി ആയിരുന്ന കിറ്റ്കോ ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന്** |

| | | | |
|---|---|---|---|
| | | | **കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായിട്ടില്ല. കിഫ്ബി അനുശാസിക്കുന്ന രീതിയിലുള്ള ഡി.പി.ആർ സ്റ്റേഡിയത്തിന്റെ നിലവിലെ സാഹചര്യം കൂടി കണക്കിലെടുത്ത് പുതുക്കേണ്ടതായുണ്ട്. കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കായിക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ